പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2564 17.08.2017 ൽ മറുപടിയ്ക്ക്

## വിദ്യാർത്ഥികളെ ഉപയോഗപ്പെടുത്തി ലഹരി വസ്തുക്കളുടെ വിൽപ്പന

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.ബാബു | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് സ്കൂൾ, കോളേജ് വിദ്യാർത്ഥികളെ ഉപയോഗപ്പെടുത്തി ലഹരി വസ്തുക്കൾ വിൽപ്പന നടത്തുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ചില മാഫിയകൾ നടത്തുന്ന ഇത്തരം ശ്രമങ്ങൾ തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ; | (ബി) | സ്കൂൾ, കോളേജ് വിദ്യാർത്ഥികളെ ഉപയോഗപ്പെടുത്തി ലഹരി വസ്തുക്കൾ വിൽപ്പന നടത്തുന്നത് തടയുവാൻ<br><br>എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും പരിശോധനകളും നടത്തി വരുന്നു. സ്കൂൾ, കോളേജ് പരിസരങ്ങൾ കേന്ദ്രീകരിച്ച് ലഹരി മരുന്നുകളുടെ വിപണനം, ഉപയോഗം തുടങ്ങിയ പ്രവർത്തനങ്ങൾ തടയുന്നതിന് എക്സൈസ് ഷാഡോ സംവിധാനവും ഇന്റലിജൻസ് വിഭാഗവും ഉപയോഗിച്ച് രഹസ്യ നിരീക്ഷണം നടത്തുകയും വിവരങ്ങൾ ശേഖരിക്കുകയും ബന്ധപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ലഹരിവിരുദ്ധ ക്ലബ്ബുകളുടെയും പി.റ്റി.എ.യുടെയും പൊതുജനങ്ങളുടെയും സഹകരണത്തോടെ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിലവിൽ 2542 ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നതും നാളിതുവരെ 1385-ഓളം പരാതി പെട്ടികൾ സ്ഥാപിച്ചിട്ടുള്ളതുമാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സമീപം ഇത്തരം നിയമവിരുദ്ധ പ്രവർത്തനങ്ങൾ നടക്കാനിടയുള്ള സ്ഥലങ്ങളിൽ കർശന പരിശോധനകൾ നടത്തുകയും കുറ്റക്കാർക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | നിലവിൽ ഇത് സംബന്ധിച്ച് എത്ര കേസുകൾ എടുത്തിട്ടുണ്ടെന്ന് വിശദമാക്കുമോ? | (സി) | സ്കൂൾ, കോളേജ് വിദ്യാർത്ഥികളെ ഉപയോഗപ്പെടുത്തി ലഹരി വസ്തുക്കൾ വിൽപന നടത്തുന്നതായി ബന്ധപ്പെട്ട് എക്സൈസ് വകുപ്പ് കേസുകൾ കണ്ടെത്തിയിട്ടില്ല. എന്നാൽ 2017 ജനുവരി മുതൽ ജൂൺ വരെ സ്കൂൾ കേന്ദ്രീകരിച്ചുള്ള ലഹരി മരുന്നിന്റെ ഉപയോഗവുമായി ബന്ധപ്പെട്ട് എക്സൈസ് വകുപ്പ് 56 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**